**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **19-09-2025 - ൽ മറുപടിയ്ക്ക്**

**കടവുപുഴ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജക മണ്ഡലത്തിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്നുപോയ കടവുപുഴ പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി, പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ ; | (എ) | കോട്ടയം ജില്ലയിലെ പാലാ നിയോജക മണ്ഡലത്തിൽ മീനച്ചിലാറിനു കുറുകെ മൂന്നിലവ് -മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചില്ലിച്ചി പാലം ( 2021-22 ബഡ്ജറ്റിൽ Volume 1, Page No 53, ക്രമ നമ്പർ 878 ആയി 20% പ്രൊവിഷനുള്ള) നിർമ്മാണത്തിനായി 368.86 ലക്ഷം രൂപയുടെ ഭരണാനുമതി. G.O(Rt)No.58/2023/PWD തീയതി 19.01.2023 പ്രകാരം നൽകിയിരുന്നു. ചില്ലിച്ചി പാലത്തിന്റെ അപ്രോച്ച് നിർമ്മാണത്തിനായുള്ള സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് 2021-ൽ പ്രളയത്തിൽ തകർന്ന കടവുപുഴ പാലത്തിന്റെ നിർമ്മാണത്തിന് തുക മാറ്റി അനുവദിക്കണമെന്ന് പാലാ നിയോജക മണ്ഡലം ബഹു. എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2.392 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചില്ലിച്ചി പാലത്തിന് അനുവദിച്ച തുക റദ്ദ് ചെയ്ത് കൊണ്ട് പകരം കടവുപുഴ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതിയ്ക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പാലം തകർന്നതുമൂലം വർഷങ്ങളായി രോഗികൾ ഉൾപ്പെടെയുള്ള ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ